**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2418** **12-10-2021 - ൽ മറുപടിയ്ക്ക്**

**ട്രഷറിയിലെ സ്ഥിര നിക്ഷേപം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പൊതുജനങ്ങളുടെ, ട്രഷറിയിലെ സ്ഥിര നിക്ഷേപം ഭാഗികമായി പിൻവലിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഈ തീരുമാനം എടുത്തതിനുശേഷം ട്രഷറിയിൽ സ്ഥിര നിക്ഷേപത്തിന് കുറവ് വന്നിട്ടുണ്ടോ; | (എ) | സർക്കാരിന്റെ 10.09.2021 തീയതിയിലെ സ.ഉ.(പി) 125/2021/ധന നമ്പർ ഉത്തരവ് പ്രകാരം, ട്രഷറി സ്ഥിരനിക്ഷേപങ്ങളുടെ ഭാഗികമായ പിൻവലിക്കലുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു സ്ഥിര നിക്ഷേപത്തിൽ നിന്ന് ഭാഗികമായ പിൻവലിക്കലുകളുടെ എണ്ണം പരമാവധി രണ്ടെണ്ണമായി നിജപ്പെടുത്തിയിട്ടുണ്ട്. രണ്ടു പിൻവലിക്കലുകൾക്കു ശേഷവും അക്കൗണ്ടിൽ അൻപതിനായിരം രൂപയുടെ നീക്കിയിരിപ്പ് ഉണ്ടാകണമെന്നും, ഭാഗികമായ പിൻവലിക്കലുകൾ അൻപതിനായിരം രൂപയ്ക്കു മുകളിലുള്ള നിക്ഷേപങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുമുണ്ട്. സ്ഥിരനിക്ഷേപത്തിൽ നിന്നും പല തവണ ഭാഗികമായി പിൻവലിക്കലുകൾ നടത്തുമ്പോൾ പലിശ ക്രമീകരിക്കുന്നതിന് സാങ്കേതിക തടസ്സം നേരിട്ടതുകൊണ്ടാണ് ഇത്തരത്തിൽ ഒരു നിയന്ത്രണം ഏർപ്പെടുത്തേണ്ടി വന്നത്. ഭാഗികമായിട്ടുള്ള പിൻവലിക്കലുകൾക്ക് ഇപ്രകാരം ഒരു നിയന്ത്രണം ഏർപ്പെടുത്തിയതിനുശേഷവും ട്രഷറി സ്ഥിരനിക്ഷേപത്തിൽ കുറവ് വന്നിട്ടില്ല. |
| (ബി) | സർക്കാരിന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധിയിൽ ട്രഷറിയിലേയ്ക്ക് സ്ഥിര നിക്ഷേപം ആകർഷിക്കുന്നതിനായി മുൻപ് ഉണ്ടായിരുന്ന 8.5 ശതമാനം പലിശ പുനസ്ഥാപിക്കുമോ; വിശദാംശം നൽകാമോ; | (ബി) | ട്രഷറി നിക്ഷേപങ്ങൾക്ക് പലിശ വർധിപ്പിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | ട്രഷറിയിൽ സ്ഥിര നിക്ഷേപത്തിന് 24 മാസത്തേയ്ക്ക് 7.5 ശതമാനം പലിശ നിരക്ക് ഏർപ്പെടുത്തിയതിനുശേഷം സ്ഥിര നിക്ഷേപത്തിൽ കുറവ് വന്നിട്ടുണ്ടോ; വിശദാംശം നൽകാമോ? | (സി) | ട്രഷറിയിൽ 24 മാസത്തിനു മുകളിലുള്ള നിക്ഷേപങ്ങൾക്കു ഗണ്യമായ കുറവ് വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ